**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5981** **09-11-2021 - ൽ മറുപടിയ്ക്ക്**

**ഉന്നത വിദ്യാഭ്യാസം നേടിയ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് തൊഴിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | ഉന്നത വിദ്യാഭ്യാസം നേടിയ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ; | (എ) | അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗ യുവതയ്ക്ക് തൊഴിലവസരങ്ങൾ നേടിയെടു ക്കുന്നതിനായി വിവിധ മേഖലകളിൽ നൈപുണ്യ വികസന പരിശീലന പരിപാടികൾ നടത്തി വരുന്നു. തൊഴിലവസരങ്ങളും തൊഴിലുമായി ബന്ധിപ്പിച്ച് പട്ടികവർഗ്ഗ വിഭാഗത്തിലെ യുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി 'വെർച്വൽ ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്' എന്ന സംവിധാനം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. PSC/UPSC/SSC/RRB/IBPS മുതലായ പരീക്ഷകൾ സംബന്ധിച്ച അറിയിപ്പുകൾ നൽകി ഇതിനായി പരിശീലന പരിപാടികൾ ജില്ലാതലത്തിൽ സംഘടിപ്പിച്ചു വരുന്നുണ്ട്. |
| (ബി) | പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്ക് വിദേശപഠനം ലഭ്യമാക്കാനും ജോലി ലഭ്യമാക്കി അവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനും ഈ സർക്കാർ എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ബി) | 04/10/2017-ലെ സ.ഉ(കൈ)നം.81/2017/ പജപവവിവ പ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് വിദേശത്ത് ഉന്നത വിദ്യാഭ്യാസത്തിനായി പൂർണ്ണതോതിൽ സ്കോളർഷിപ്പും, യാത്രാചെലവും നൽകി വരുന്നുണ്ട്. ഈ വിഭാഗത്തിൽപ്പെട്ടവർക്ക് സ്റ്റാർട്ടപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിന് സഹായങ്ങൾ നൽകുന്ന പദ്ധതിയുള്ള പ്രൊപ്പോസൽ വകുപ്പ് ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ